**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 351** 28.01.2019 -ൽ മറുപടിക്ക്.

## പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി<br>,, എം. നൗഷാദ്<br>,, കെ.ഡി. പ്രസേനൻ<br>,, കെ.ജെ. മാക്സി :** | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) ഭക്ഷ്യധാന്യ വിട്ടെടുക്കലും, വിതരണവും പൂർണ്ണമായി സർക്കാർ നിയന്ത്രണത്തിലാക്കി വാതിൽപ്പടി വിതരണം ആരംഭിച്ചു. പൊതുവിതരണം ഇ-പോസ് വഴി നടന്ന് വരുന്നു. പ്രതിമാസ റേഷൻ വിഹിതം എല്ലാ കാർഡുടമകളേയും എസ്.എം.എസ്. വഴി അറിയിക്കുന്നു. കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പു വരുത്തി. കൂടാതെ റേഷൻ കടകളെ കൂടുതൽ ആകർഷണമാക്കുന്നതിനായി വൈവിധ്യ പദ്ധതി ആരംഭിച്ചു. |
| (ബി) പൂഴ്ത്തിവെയ്പ്പും മറിച്ചു വിൽപ്പനയും തടയുന്നതിനായി റേഷൻ കടകളിലെ സ്റ്റോക്ക് പൊതുജനങ്ങൾക്ക് നേരിട്ട് പരിശോധിക്കുന്നതിനുള്ള സംവിധാനം ഇ-പോസ് മെഷീനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഇല്ല. റേഷൻ കടകളിലെ സ്റ്റോക്ക് epos.kerala.gov.in. എന്ന പോർട്ടൽ വഴി പൊതുജനങ്ങൾക്ക് തത്സമയം നിരീക്ഷിക്കാൻ സാധിക്കും. |
| (സി) തൂക്കത്തിലുള്ള വെട്ടിപ്പ് തടയാൻ റേഷൻ കടകളിൽ ബ്ലൂ ടൂത്ത് സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്ന ഇ-ത്രാസ് സംവിധാനം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (സി) സിറ്റി റേഷനിംഗ് ഓഫീസ് (നോർത്ത്) ന്റെ പരിധിയിലുള്ള 5 കടകളിൽ ഇ-പോസ് മെഷീൻ ഇലക്ട്രോണിക് വെയിംഗ് മെഷീനുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനം ബ്ലൂ ടൂത്ത് മുഖേനയും wired സംവിധാനം മുഖേനയും ചെയ്യാവുന്നതാണ്. മുഴുവൻ കടകളിലും ഇലക്ട്രോണിക് ത്രാസ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കി വരുന്നു. |

*സെക്ഷൻ ഓഫീസർ*